...ാമിൽ ആ
...ന്ന ജോലി
...ിമോന്. ശാ
...ളാൽ കഷ്
...മോന് അമി
...ള്ള ആടുമേയ്ക്കലുമായി
...നാവാത്ത അവസ്ഥയാ

...ിക്കണമെന്നാവശ്യപ്പെട്ട്
...ഖ്യമന്ത്രി ഉമ്മൻചാണ്ടി
...ര്യ സഹമന്ത്രി ഇ. അഹ



നേരിട്ട് നാട്ടിലേക്കയക്കാമെന്ന സ്പോൺസറുടെ നിർദേശത്തെ നിരാകരിച്ച എംബസി അധികൃതരുടെ നിർബന്ധത്തെ തുടർന്ന് ശനിയാഴ്ച രാവിലെ കുവൈത്തിലെത്തിച്ച അലിമോനെ വൈകീട്ടത്തെ കൊൽക്കത്തയിലേക്കുള്ള വിമാനത്തിലാണ് സ്പോൺസർ നാട്ടിലേക്കയച്ചത്. ഞായറാഴ്ച കൊൽക്കത്തയിലെത്തിയ അലിമോൻ ട്രെയിനിൽ നാട്ടിലേക്ക് തിരിച്ചു.

## ബ്രാഞ്ച് ...ഉദ്ഘാടനം ഇന്ന്

...ഞ്ഞു. ഗൾഫ്മാർട്ടിൻെറ ലക്ഷ്യം 25/25 ആണെന്ന് അദ്ദേഹം പറഞ്ഞു. 2013 അവസാനിക്കുമ്പോഴേക്കും രാജ്യത്തെ ഗൾഫ്മാർട്ട് സൂപ്പർമാർക്കറ്റുകളുടെ എണ്ണം 25 തികക്കുകയും പിന്നാലെ മിനി സൂപ്പർമാർക്കറ്റുകൾ 25 ലെത്തിക്കുകയുമാണ് ലക്ഷ്യം. ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ ഷോപ്പിങ് സൗകര്യങ്ങളൊരുക്കുകയാണ് സൂപ്പർമാർക്കറ്റ്, മിനി സൂപ്പർമാർക്കറ്റുകൾ സംവിധാനിക്കുന്നതിനുപിന്നിലെ ഉദ്ദേശ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

സമീപഭാവിയിൽ തന്നെ ഫഹാഹീലിലും ഹവല്ലിയിലും മൂന്നാമത്തെ ബ്രാഞ്ചുകൾ തുറക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. 30,000 ചതുരശ്ര അടി വിസ്തീർണമുള്ള ഫഹാഹീലിലെ മൂന്നാം ബ്രാഞ്ച് ജൂണിൽ ...മെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# മധുസൂതനൻ പിള്ളയുടെ കുടുംബത്തിന് ഒരുമ കുവൈത്ത് സഹായധനം കൈമാറി

കുവൈത്ത്സിറ്റി: ഒരുമ കുവൈത്തിൽ അംഗമായിരിക്കെ മരിച്ച കൊല്ലം എഴുകോൺ ഗ്രീഷ്മാലയത്തിൽ മുധുസൂതനൻ പിള്ളയുടെ കുടുംബത്തിന് ഒരുമ കുവൈത്ത് സഹായധനം കൈമാറി. ഈ മാസം മൂന്നിനാണ് മധുസൂതനൻ പിള്ള മരിച്ചത്.

ഒരുമ കുവൈത്ത് ട്രഷറർ മഹ്സൂം, ഒരുമ പ്രതിനിധി ഹിദായത്തുല്ല, ജമാഅത്തെ ഇസ്‌ലാമി ഏരിയ പ്രസിഡൻറ് നിസാമുദ്ദീൻ, യൂനിറ്റ് പ്രസിഡൻറ് ശരീഫ്, സിയാദ് മുഹമ്മദ് എന്നിവർ മധുസുതനൻ പിള്ളയുടെ വീട് സന്ദർശിച്ച് സഹായധനമായ രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് കുടുംബത്തിന് കൈമാറി. കെ.ഐ.ജിയുടെ കീഴിൽ കുവൈത്ത് മലയാളികൾക്കായി ആരംഭിച്ച സാമൂഹ്യ ക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി, 21 വയസ്സ് പൂർത്തിയായ കുവൈത്തിൽ സ്ഥിരതാമസക്കാരനായ ഏതൊരു പ്രവാസി മലയാളിക്കും അംഗമായി ചേരാവുന്നതാണ്. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും കോടുത്തു അംഗമാകുന്നവർ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിച്ച വ്യക്തിക്ക് സാഹയധനാമി നൽകും. കുടുതൽ വിവരത്തിന് www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

27/5/13



പിടികൂടിയ ജിബിൻ നശിപ്പിക്കാൻ കൂട്ടിയിട്ടിരിക്കുന്നു

# ഉപയോഗ യോഗ്യമല്ലാത്ത 17 ടൺ ജിബിൻ പിടികൂടി

കുവൈത്ത് സിറ്റി: സുലൈബിയയിലെ ഒരു ഗോഡൗണിൽ നിന്നും ഉപയോഗയോഗ്യമല്ലാത്ത 17 ടൺ ജിബിൻ പിടികൂടി. ഇന്നലെ ജഹ്റ മുനിസിപ്പൽ വകുപ്പ് തലവൻ എഞ്ചിനീയർ സാമി അസുവൈദാൻെറ നിർദേശപ്രകാരം മുനിസിപ്പൽ വകുപ്പ് നടത്തിയ പരിശോധനയിലാണ് ജിബിൻ പിടികൂടിയത്. പിടികൂടിയ ജിബിൻ ജഹ്റയിലെ പ്രത്യേക സ്ഥലത്ത് വെച്ച് നശിപ്പിച്ചതായി മുനിസിപ്പൽ ഉദ്യോഗസ്ഥർ പറഞ്ഞു.

# കുവൈത്ത് നൽകിയ നഷ്ടപരിഹാരം ഐക്യരാഷ്ട്രസഭ ഇറാഖിന് കൈമാറും

കുവൈത്ത് സിറ്റി: കുവൈത്ത്-ഇറാഖ് അതിർത്തി പുനർ നിർണയത്തിൻെറ ഭാഗമായി കൃഷി ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് കുവൈത്ത് നൽകിയ നഷ്ടപരിഹാരം ഐക്യരാഷ്ട്രസഭ ഇറാഖ്...

### നമസ്കാര സമയം

| | | | |
|---|---|---|---|
| സുബ്ഹി | 3.18 | അസർ | 3.20 |
| ഉദയം | 4.50 | മഗ്‌രിബ് | 6.40 |
| ളുഹർ | 11.45 | ഇശാ | 8.10 |